**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1004** **18-09-2025 - ൽ മറുപടിയ്ക്ക്**

**എളനാട് ഫോറസ്റ്റ് ഓഫീസിൽ ഒഴിഞ്ഞു കിടക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിൽ തൃശ്ശൂർ വനം ഡിവിഷനിൽ മച്ചാട് വനം റെയിഞ്ചിലെ എളനാട് ഫോറസ്റ്റ് ഓഫീസിൽ നിലവിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ എത്രയാണെന്ന് അറിയിക്കുമോ; ആയതിൽ എത്രയെണ്ണം നിലവിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തൃശ്ശൂർ ഡിവിഷനിലെ മച്ചാട് റെയ്ഞ്ചിലെ എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ 13 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ തസ്തികകൾ ഉണ്ട്. ഇതിൽ 10 തസ്തികകളിൽ ജീവനക്കാർ നിലവിലുണ്ട്. ഒഴിഞ്ഞ് കിടക്കുന്ന മൂന്ന് തസ്തികകളിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം മുഖേന നിയമന ഉത്തരവായിട്ടുള്ളതാണ്. |
| (ബി) | എളനാട് ഫോറസ്റ്റ് ഓഫീസ് പരിധിയിൽ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിൽ ഇടയ്ക്കിടെ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതടക്കമുള്ള സംഭവങ്ങൾ റിപ്പോർട്ടുചെയ്യുന്ന സാഹചര്യത്തിൽ വനപാലകരുടെ സേവനം ഉറപ്പുവരുത്തുന്നതിന് എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ ഒഴിഞ്ഞുകിടക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ? | (ബി) | എളനാട് ഫോറസ്റ്റ് സ്റ്റേഷനിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന മൂന്ന് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലേയ്ക്ക് ഓൺലൈൻ പൊതുസ്ഥലംമാറ്റം മുഖേന നിയമന ഉത്തരവ് നൽകിയിട്ടുള്ളതും, പ്രസ്തുത ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ എത്രയും പെട്ടന്ന് തന്നെ ഡ്യൂട്ടിയ്ക്ക് ഹാജരാകുന്നതിനായി വിടുതൽ ചെയ്യുവാൻ ബന്ധപ്പെട്ട ഓഫീസുകളിലേക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ